# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 5126

04.07.2012 ന് മറുപടിയ്ക്ക്

## പാമോലിൻ കേസിലെ തുടർഅന്വേഷണ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.പി.റ്റി.എ.റഹീം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). പാമൊലിൻ കേസിലെ തുടർഅന്വേഷണ റിപ്പോർട്ട് ഏറ്റവും ഒടുവിൽ തൃശ്ശൂരിലെ വിജിലൻസ് കോടതിയിൽ സമർപ്പിച്ചത് എന്നായിരുന്നു; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | എ) പാമൊലിൻ കേസിലെ തുടരന്വേഷണ റിപ്പോർട്ട് 6.1.2012ന് തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പാമൊലിൻ കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. അതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ഇപ്പോൾ ബഹു:സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നിർവ്വാഹമില്ല. |
| ബി) റിപ്പോർട്ട് തയ്യാറാക്കിയ വിജിലൻസ് അധികൃതർ അത് കോടതിയിൽ സമർപ്പിക്കുന്നതിനുമുമ്പായി ബന്ധപ്പെട്ട പ്രോസിക്യൂട്ടറുമായി കൂടിയാലോചന നടത്തുകയോ രേഖകൾ കൈമാറുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ കൂടിയാലോചന നടത്തിയതെപ്പോഴാണ്; രേഖകൾ കൈമാറിയതെപ്പോഴാണ്; | ബി) പാമൊലിൻ കേസിലെ തുടരന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ വിജിലൻസ് അധികൃതർ അത് കോടതിയിൽ സമർപ്പിയ്ക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട പ്രോസിക്യൂട്ടറുമായി കൂടിയാലോചന നടത്തിയിട്ടില്ല. |

സി പാമൊലിൻ കേസിലെ പ്രതികൾക്കെതിരെ 1999 നവംബർ 22 ന് സമർപ്പിച്ച കുറ്റപത്രത്തിൽ പറഞ്ഞിരുന്ന കാര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളാണോ ഇപ്പോഴത്തെ തുടർഅന്വേഷണ റിപ്പോർട്ടിലുള്ളത്; വിശദമാക്കാമോ?

സി) പാമൊലിൻ കേസിലെ പ്രതികൾക്കെതിരേ 1999 നവംബർ 22ന് സമർപ്പിച്ച കുറ്റപത്രത്തിൽ പറഞ്ഞിരിയ്ക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളല്ല ഇപ്പോഴത്തെ തുടരന്വേഷണ റിപ്പോർട്ടിലുള്ളത്.

സെക്ഷൻ ഓഫീസർ